നം.കെഎസ്എ-കെടിഎം-പി.6.309/2016 തീയതി:04.05.2016

കോട്ടയം ജില്ലയിലെ മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2013-14, 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4), 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ **മറവൻതുരുത്ത്** ഗ്രാമപഞ്ചായത്തിന്റെ **2013-14**, **2014-15** സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16.07.14 മുതൽ 15.02.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. **23** അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 25.02.2016 ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ.വർഗ്ഗീസ് ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	15.02.2016 –25.02.2016
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീ.എം.എൻ.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫീസർ
	ശ്രീമതി സുലത ഡി, അസി.ഓഡിറ്റ് ഓഫീസർ
	ശ്രീമതി ഇന്ദുലേഖ എ, അസി.ഓഡിറ്റ് ഓഫീസർ
	ശ്രീമതി സ്മിത ജി.നായർ, അസി.ഓഡിറ്റ് ഓഫീസർ
	ശ്രീ.പുഷ്പരാജ് വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
	ശ്രീ.ലൂക്കോസ് കുര്യൻ, ഓഡിറ്റർ

<u>നിർവഹണാധികാരികൾ</u>

പ്രസിഡന്റ്	ശ്രീമതി. ലീന.ഡി.നായ്യ 1.04.13-31.03.15
സെക്രട്ടറി	ശ്രീ.വി.സാബു, 01.04.13-03.08.13 എ.എം. ശ്രീമതി.ഷീജാമോൾ.കെ, 03.08.13 പി.എം. – 07.08.13 ശ്രീ.വിജയൻനായർ സി.ഇ, 07.08.13-18.12.13 ശ്രീമതി ഷീജമോൾ കെ, 19.12.13-06.06.14 ശ്രീമതി ഗിരിജ എസ്, 07.06.14-28.12.14 ശ്രീ.രാജേഷ് റ്റി.വർഗ്ഗീസ്, 29.12.14-31.03.15

സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ

വികസനകാര്യം	ശ്രീമതി.ബിന്ദു പ്രദീപ് 01.04.13-31.03.15
ക്ഷേമ കാര്യം	ശ്രീ.പോൾ തോമസ് 01.04.13-31.03.15
ആരോഗ്യ/ വിദ്യാഭ്യാസം	ശ്രീമതി.നിഷ അനീഷ് 01.04.13-31.03.15
ധനകാര്യം	ശ്രീ.എൻ.സി.തോമസ് 01.04.13-31.03.15

നിർവഹണോദ്യോഗസ്ഥർ

ഡോ.മിനി ജോസഫ്	വെറ്ററിനറി സർജൻ , 01.04.13-31.03.15
ശ്രീമതി അനില കെ.എസ്	വി.ഇ.ഒ, 01.04.13-31.03.15
ശ്രീമതി ചിഞ്ചു ദിനേശൻ	വി.ഇ.ഒ, 01.04.13-28.05.14
ശ്രീ.അരുൺകുമാർ കെ.ജി	വി.ഇ.ഒ, 28.05.14-21.12.14
ശ്രീമതി ജിഷ പി.റ്റി.	വി.ഇ.ഒ, 13.01.15-31.03.15
ശ്രീമതി നിർമ്മല	എെ.സി.ഡി.എസ്.സൂപ്പർവൈസർ, 01.04.13-30.11.14
ശ്രീമതി രതിമണി	" 01.12.14-16.11.14
ശ്രീമതി ജലജകുമാരി	" 17.11.14-31.03.15
ഡോ.മഞ്ജു കെ.സേവ്യർ	മെഡിക്കൽ ഓഫീസർ, ഹോമിയോ, 01.04.13-31.03.15
ഡോ.അലക്സ് തോമസ്	" പി.എച്ച്.സി, 01.04.13-31.03.15
ഡോ.രാജേഷ് പി	" ആയുർവേദം, 01.04.13-31.03.15
ശ്രീമതി ശോഭ പി.പി.	കൃഷി ഓഫീസർ, 01.04.13-31.05.13

ശ്രീമതി ഷീല	" (ഇൻ-ചാർജ്ജ്), 01.06.13-05.07.13
ശ്രീമതി റേച്ചൽ സോഫിയ അലക്സാണ്ടർ	" 06.07.13-31.03.15
ശ്രീ.രമേഷ് ശശിധരൻ	ഫിഷറീസ് ഇൻസ്പെക്ടർ, 01.04.13-31.03.14
ശ്രീമതി മറ്റം മെരിറ്റ് ജോർജ്ജ്	" 01.04.14-31.03.15
ശ്രീമതി രേഖ	അസിസ്റ്റന്റ് എഞ്ചിനീയർ, 01.04.13-19.05.14
ശ്രീ.കെ.കെ.ശശീന്ദ്രൻ	" 20.05.14-31.03.15

ഉള്ളടക്കം

ഖണ്ഡിക.നമ്പർ	**വിഷയം**
ഭാഗം-1--പൊതുഅവലോകനം	
1-1	ബജറ്റ്
1-2	വാർഷിക ധനകാര്യപത്രിക
1-3	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം
1-4	സാമ്പത്തിക വിശകലനം
1-5	ഫണ്ട് വിനിയോഗം
1-6	പദ്ധതി അവലോകനം
1-7	തനത് വരുമാനം
1-8	ക്ഷേമ പദ്ധതികൾ
1-9	ക്യാഷ് വെരിഫിക്കേഷൻ
1-10	ആഭ്യന്തരനിയന്ത്രണം
1-11	മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം
ഭാഗം 2--വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ	

2-1	വിമുക്തഭടന്മാരുടെ ഭവനത്തിന് വസ്തുനികുതി ഇളവ്--സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല
2-2	വസ്തുനികുതിയിനത്തിൽ കുടിശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു
2-3	തൊഴിൽ നികുതി--അപാകതകൾ സംബന്ധിച്ച്
2-4	ഡി & ഒ ട്രേഡ് ലൈസൻസ്--അപാകതകൾ സംബന്ധിച്ച്
2-5	കടവ് വള്ളലേലം--കരാർ വ്യവസ്ഥകൾ പാലിക്കുന്നില്ല
ഭാഗം 3--ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ	
3-1	നവീകരിച്ച ഗ്രാമപഞ്ചായത്ത് ഓഫീസ് ഉദ്ഘാടനം--അധിക തുക ചെലവ് ചെയ്തത് സംബന്ധിച്ച്
3-2	പത്രപ്പരസ്യം--അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കുന്നില്ല
3-3	ദർഘാസ് പരസ്യം സർക്കാർ നിർദ്ദേശിച്ചതിലും അധികം അളവിൽ നൽകി
3-4	ചെമ്മനാകരി സാംസ്കാരികനിലയം--ഭൂമി പഞ്ചായത്തിന്റെ ഉടമസ്ഥതയിലാണെന്നതിന് രേഖകളില്ല
3-5	ഘടക സ്ഥാപനങ്ങൾക്ക് കുടിവെള്ള കണക്ഷൻ--വാട്ടർ അതോറിറ്റിയിൽ അവശേഷിക്കുന്ന തുക തിരികെ ഇൌടാക്കേണ്ടതാണ്.
3-6	കലാകായിക സാംസ്കാരിക പരിശീലനം--രേഖകൾ ലഭ്യമാക്കിയില്ല--തുക തടസ്സപ്പെടുത്തുന്നു.
3-7	ഗുണഭോക്താവിന്റെ അർഹത ഉറപ്പാക്കാതെ പദ്ധതി ആനുകൂല്യം അനുവദിച്ചു
3-8	അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ തൃപ്തികരമല്ല

3-9	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
3-10	മത്സ്യത്തൊഴിലാളികൾക്ക് വല നൽകൽ--പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ
3-11	വിഷയാധിഷ്ഠിത അവലോകനം--ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കായുള്ള പ്രോജക്ടുകൾ
ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും	
4-1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം
4-2	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ
4-3	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്
4-4	വായ്പ/വായ്പ തിരിച്ചടവ്
4-5	സ്ഥിര നിക്ഷേപങ്ങൾ
4-6	ഓഡിറ്റ് റിക്കവറി
4-7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം
4-8	ഓഡിറ്റ് പ്രത്യവലോകനം
4-9	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഭാഗം -1

പൊതു അവലോകനം

പൊതു അവലോകനം

1-1 ബജറ്റ്

2013-14 വർഷത്തെ ബജറ്റ് 26.03.13 തീയതിയിലെ I നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

ഇനം	പ്രതീക്ഷിച്ചത്	യഥാർത്ഥത്തിലുള്ളത്	വ്യത്യാസം		ശതമാനം (+) / (-)
			കൂടുതൽ	കുറവ്	
മുന്നിരിപ്പ്	19420686	9420686			
വരവ്	63504596	53504596			
ആകെ	88953250	62925282		26027968	(-) 29
ചെലവ്	73241720	53842160		19399560	(-) 26
നീക്കിയിരിപ്പ്	15711530	9083122		6628408	(-) 42

2014-15വർഷത്തെ17.02.14 ബജറ്റ് തീയതിയിലെ I നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

ഇനം	പ്രതീക്ഷിച്ചത്	യഥാർത്ഥത്തിലുള്ളത്	വ്യത്യാസം		ശതമാനം (+) / (-)
			കൂടുതൽ	കുറവ്	
മുന്നിരിപ്പ്	11221000	9083122		2137878	(-) 19

വരവ്	98895000	54134545		44760485	(-) 45
ആകെ	110116600	63217667		46898933	(-) 43
ചെലവ്	108442400	49466722		58975678	(-) 54
നീക്കിയിരിപ്പ്	1673600	13750945	12077345		(+) 722

1-2 വാർഷിക ധനകാര്യപത്രിക

2013-14

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.14	10.06.14	----------------	---------------

2014-15

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.15	28.07.15	-	-

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2013-14	13.11.14	എൽ.എഫ്.കെ.പി.14/ ജി.പി-35/14 31.12.14
2014-15	17.10.15	കെഎസ്എ-കെടിഎം-പി.14/ജി.പി-35/15 തീ.31.12.15

വാർഷികകണക്കുകളുടെ അവലോകനം

വാർഷിക ധനകാര്യപത്രികയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.) വസ്തുനികുതിയുടെ ഡിമാന്റ്/കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ കിട്ടാനുള്ള തുകയുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല.

2) 26.07.2011 ലെ ജി.ഒ.(എം.എസ്.)152/11/എൽ.എസ്.ജി.ഡി.യിലെ നിർദ്ദേശങ്ങൾ പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

1-4 സാമ്പത്തിക വിശകലനം

2013-14

മുന്നിരിപ്പ്	9420686
വരവ്	53504596
ആകെ	62925282

ചെലവ്	53842160
നീക്കിയിരിപ്പ്	9083122

2014-15

മുന്നിരിപ്പ്	9083122
വരവ്	54134545
ആകെ	63217667
ചെലവ്	49466722
നീക്കിയിരിപ്പ്	13750945

1-5 ഫണ്ട് വിനിയോഗം

2013-14

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ചെലവ് ശതമാനം
വികസനഫണ്ട് പൊതുവിഭാഗം	811871	9612000 (*)	10423871	9165034	1258837	88.08
വികസനഫണ്ട് എസ്.സി.പി.	1133492	4186000 (**)	5319492	3140124	2179368	72.6

വികസനഫണ്ട് ടി.എസ്.പി.	0	25000	25000	25000	0	100
സംരക്ഷണഗ്രാന്റ് റോഡ്	897330	1317000	2214330	1886739	327591	85.2
സംരക്ഷണഗ്രാന്റ് നോൺറോഡ്	914736	2132000	3046736	2983961	62775	97.9
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	348364	4237353	4585717	3628500	957217	79.12
പെർഫോമൻസ് ഗ്രാന്റ്	2021456	-	2021456	2021456	0	100
എം.എൻ.ആർ.ഇ.ജി.എസ്.	66038	10415998	10482036	10482036	0	100
ബി ഫണ്ട്	0	8292868	8292868	8292868	0	100

(*) 1,00,000/- രൂപ ബ്ലോക്ക് വിഹിതം ഉൾപ്പെടെ
(**) പത്ത് ലക്ഷം രൂപ ബ്ലോക്ക് വിഹിതം ലഭ്യമാക്കിയിട്ടുണ്ട്.

2014-15

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ചെലവ് ശതമാനം
വികസനഫണ്ട് പൊതുവിഭാഗം	1258837	(***) 20204000	11462837	9906678	1556159	86.14
വികസനഫണ്ട് എസ്.സി.പി.	2179368	3604000	5783368	3497597	2285771	64.778
വികസനഫണ്ട് ടി.എസ്.പി.	0	28000	28000	12000	16000	42.857
സംരക്ഷണഗ്രാന്റ് റോഡ്	327591	1159000	1486591	1444262	42329	97.153

സംരക്ഷണഗ്രാന്റ് നോൺറോഡ്	62775	(****) 3150000	3212775	1171235	2041540	36.456
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	957217	6395552	7352769	6805124	547645	74.213
പെർഫോമൻസ് ഗ്രാന്റ്	0	2729000	2729000	0	2729000	0
എം.എൻ.ആർ.ഇ.ജി.എസ്.	0	21975301	21975301	21975301	0	100
ബി ഫണ്ട്	-	14037713	14037713	13997753	39960	99.75

(***) രണ്ട് ലക്ഷം രൂപ ബ്ലോക്ക് വിഹിതം ലഭ്യമാക്കിയതാണ്.
(****) 2013-14 വർഷം എൻ.ആർ.ജി.എസ് ന് കൊടുത്ത അഡ്വാൻസ് 7,00,000/- രൂപ 2014-15 വർഷം തിരികെ വന്നത്.

1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

2013-14

വർഷം	അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
2013-14	128	47254931	93	26454174		35	72.7
2014-15	122	61078358	88	30451979		34	72.1

നേട്ടങ്ങൾ

ഉൽപ്പാദനമേഖലയിൽ നെൽകൃഷിവികസനം, ഓരുമുട്ട് നിർമ്മാണം, സമഗ്രപുരയിടകൃഷി, സമഗ്രക്ഷീരവികസനം, കന്നുക്കുട്ടിപരിപാലനം, കയർ, കൈത്തറി തൊഴിലാളികൾക്ക് തൊഴിൽ സംരഭങ്ങൾക്ക് ധനസഹായംനൽകൽ തുടങ്ങിയ പ്രോജക്ടുകൾ വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞു.

സേവനമേഖലയിൽ പാലിയേറ്റീവ് കെയർ, വൃദ്ധവികലാംഗപരിചരണം, പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ്, കുടിവെള്ളകിണർ നിർമ്മാണം, ഹോമിയോ-ആയുർവേദ ആശുപത്രികൾക്ക് മരുന്നുവാങ്ങൽ, വീട് ഗുണമേന്മ വർദ്ധനവ്, ആശ്രയപദ്ധതിയ്ക്ക് തുക നൽകൽ, ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, സ്ക്കൂളുകളുടെ അറ്റകുറ്റപ്പണി, അംഗൻവാടി തുക നൽകൽ, എസ്.എസ്.എ വിഹിതം നൽകൽ തുടങ്ങിയ വൈവിദ്ധ്യങ്ങളായ പ്രോജക്ടുകൾ നടപ്പിലാക്കി.

പശ്ചാത്തലമേഖലയിൽ വിവിധറോഡുകളുടെ ടാറിംഗ്, റീടാറിംഗ്, മെറ്റലിംഗ്, തുടങ്ങിയവയാണ് നടപ്പിലാക്കിയത്. എസ്സ്.സി.പി ഫണ്ടും ബ്ലോക്കുവിഹിതവും ചെലവഴിച്ച് ചെമ്മനാകരിയിൽ സാംസ്കാരികനിലയം നിർമ്മിച്ചത് പദ്ധതി നിർവ്വഹണത്തിന്റെ മികച്ച നേട്ടമായി ഓഡിറ്റ് വിലയിരുത്തുന്നു.

കോട്ടങ്ങൾ

- കാർഷിക/ക്ഷീരമേഖല/മത്സ്യബന്ധനമേഖല എന്നിവിടങ്ങളിലെ ഉത്പാദനവർദ്ധനവ് സ്ഥിരീകരിയ്ക്കുന്ന രേഖകൾ സൂക്ഷിയ്ക്കുന്നില്ല.
- അംഗൻവാടികളുടെ പുനരുദ്ധാരണം തൃപ്തികരമല്ല, പല അംഗൻവാടികളും വാടകകെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്നു.
- രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിയ്ക്കാൻ പ്രത്യേകപ്രോജക്ടുകൾ ആവിഷ്ക്കരിച്ചിരുന്നില്ല.
- ശാരീരികമാനസികവെല്ലുവിളി നേരിടുന്നവർക്കായി വ്യത്യസ്തമായ പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയിരുന്നില്ല.
- രണ്ട് സാമ്പത്തികവർഷങ്ങളിലും മൊത്തം പദ്ധതി ചെലവ് 57%ത്തിൽ താഴെയായിരുന്നു.

1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 38.94 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ഇനം	മുൻവർഷം	തൻവർഷം	വ്യത്യാസം	ശതമാനം (+)/(-)
2013-14				
നികുതി വരവുകൾ	1983390	1877463	105927	(-) 5
നികുതിയേതര വരവുകൾ	317799	551653	233854	(+) 74
ആകെ	2301189	2429116	127927	(+) 5.5
2014-15				
നികുതി വരവുകൾ	1877463	2267727	390264	(+)20.78
നികുതിയേതര വരവുകൾ	551653	323463	228190	(-) 41
ആകെ	2429116	2591190	618454	(+) 25

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

2013-14

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	267000	449

കർഷകതൊഴിലാളി പെൻഷൻ	1684497	359
വിധവാപെൻഷൻ	2953046	407
വാർദ്ധക്യകാലപെൻഷൻ	1503163	354
വികലാംഗപെൻഷൻ	1563075	229
50 വയസ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ	272087	39

2014-15

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	753720	430
കർഷകതൊഴിലാളി പെൻഷൻ	2556855	354
വിധവാപെൻഷൻ	3358441	442
വാർദ്ധക്യകാലപെൻഷൻ	4856962	863
വികലാംഗപെൻഷൻ	2217250	229
50 വയസ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ	294485	39

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.02.2016 3.05 P.M ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 10,511/- രൂപ ക്യാഷ്

ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം നല്ല രീതിയിൽ പ്രവർത്തിയ്ക്കുന്നു. ഓഫീസ് ജോലിവിഭജന രേഖയുടെ അടിസ്ഥാനത്തിൽ എല്ലാ ജീവനക്കാരും കൃത്യനിർവ്വഹണം നടത്തുന്നുണ്ട്. സ്റ്റാന്റിംഗ് കമ്മറ്റികളും ജനറൽ കമ്മറ്റിയും യഥാസമയം യോഗം ചേർന്ന് പഞ്ചായത്തിലെ സ്ഥിതിഗതികൾ വിലയിരുത്തുകയും അനുയോജ്യമായ തീരുമാനമെടുക്കുകയും ചെയ്യുന്നുണ്ട്. പദ്ധതി നിർവ്വഹണം സംബന്ധിച്ച നിർവ്വഹണോദ്യോഗസ്ഥരുടെ യോഗവും ചേരുന്നുണ്ട്. എങ്കിലും പേബിൽ രജിസ്റ്റർ, അകിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവയുടെ പരിപാലനം തൃപ്തികരമല്ല. ഡി ആന്റ് ഓ ലൈസൻസ് ഫീസ് അപേക്ഷാഫോമുകളിൽ സെക്രട്ടറി അഭിപ്രായം രേഖപ്പെടുത്തി ആയതിന് ആനുപാതികമായി ഫീസ് ഈടാക്കുന്നില്ല. വസ്തുനികുതിയിനത്തിൽ പത്തുലക്ഷത്തോളം തുക ഈടാക്കാൻ അവശേഷിയ്ക്കുന്നു. ആഭ്യന്തരനിയന്ത്രണസംവിധാനത്തിലെ പ്രസ്തുത അപാകതകൾ അടിയന്തിരമായി പരിഹരിയേ്ക്കണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	2015 മെയ് 17,18,19	2014-15	7.07.15
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	----	----	-----

<u>ഭാഗം -2</u>

<u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

<u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

2-1 വിമുക്തഭടന്മാരുടെ ഭവനത്തിന് വസ്തുനികുതി ഇളവ് - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല

ജി.ഒ. (എം.എസ്)242/2013 ത.സ്വ.ഭ.വ തീയതി 02.07.13 പ്രകാരം വിമുക്തഭടന്മാരുടെ ഭവനത്തിന് വസ്തുനികുതി ഒഴിവാക്കുന്നത് സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്നും മറ്റൊരു കെട്ടിടത്തിനും നികുതി ഇളവ് ലഭിക്കുന്നില്ല എന്ന സാക്ഷ്യപത്രം നൽകണമെന്നും അപേക്ഷകളും രേഖകളും എല്ലാ വർഷവും ഏപ്രിൽ 10 ന് മുമ്പ് നൽകേണ്ടതാണെന്നും പറയുന്നുണ്ട്. കൂടാതെ തറ വിസ്തീർണ്ണം 2000 ചതുരശ്ര അടിയിൽ കവിയാത്ത ഒരു വീടിനു മാത്രമേ ഇളവിന് അർഹത ലഭിക്കുകയുള്ളു. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2013-14,2014-15 വർഷങ്ങളിൽ ഇത്തരത്തിൽ നികുതി ഒഴിവാക്കി നൽകിയത് സംബന്ധിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയ രജിസ്റ്ററും അപേക്ഷകളും അനുബന്ധ രേഖകളും ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. റജിസ്റ്റർ സൂക്ഷിക്കേണ്ടതും മാർഗരേഖയിലെ നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്.

2-2 വസ്തുനികുതിയിനത്തിൽ കുടിശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2014-15 ലെ വാർഷിക കണക്ക് പ്രകാരം വസ്തുനികുതിയിനത്തിൽ 10,60,117 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. കുടിശിക ഡിമാന്റ് രജിസ്റ്ററിൽ ലഭിക്കാനുള്ള തുകയുടെ വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക ഇൗടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. തനതുവരുമാനം കുറവായ പഞ്ചായത്തിൽ ലഭിക്കേണ്ട നികുതി വരവുകൾ കൃത്യമായി പിരിച്ചെടുക്കാൻ അടിയന്തിര നടപടികൾ അധികൃതരുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

2-3 തൊഴിൽ നികുതി-അപാകതകൾ സംമ്പന്ധിച്ച്

മറവൻതുരുത്ത് ഗ്രാമ പഞ്ചായത്തിലെ 2013-14, 2014-15 കാലയളവിലെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

I(a) <u>തൊഴിൽ നികുതി- മുഴുവൻ വരുമാനവും ഉൾപ്പെടുത്തുന്നില്ല</u>

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(3)- ന്റെ വിശദീകരണ പ്രകാരം ഒരാൾക്ക് ഒരു അർദ്ധവർഷം വീട്ടുവാടക ബത്ത ഒഴികെ എല്ലാ മാർഗ്ഗങ്ങളിലുംകൂടിയുള്ള മൊത്തവരുമാനത്തിനാണ് തൊഴിൽ നികുതി നിർണ്ണയിക്കേണ്ടത്. അതോടൊപ്പം ഗവൺമെന്റ് സർക്കുലർ 35917/ഡി-1/2000/ ത.സ്വ.ഭ.വ അനുസരിച്ച് ഒരു സാമ്പത്തിക വർഷം ലഭിക്കുന്ന ബോണസ്/ ഫെസ്റ്റിവൽ അലവൻസ് എന്നിവ നേർ പകുതി വീതം ആ വർഷത്തെ രണ്ട് അർദ്ധവർഷത്തെയും വരുമാനമായി കണക്കാക്കേണ്ടതാണ്.

എന്നാൽ സ്ഥാപനങ്ങൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണിൽ ഒരോ ജീവനക്കാരനും ഒരുമാസം ലഭിക്കുന്ന ശമ്പളം, ഡി.എ എന്നിവ അടങ്ങിയ തുകയെ ആറുകൊണ്ട് ഗുണിച്ച് കിട്ടുന്ന തുകയുടെ അടിസ്ഥാനത്തിൽ മാത്രമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ഇങ്ങനെ കണക്കാക്കുന്ന തുക ജീവനക്കാരന്റെ വീട്ടുവാടക ബത്ത ഒഴിച്ചുള്ള യഥാർത്ഥ അർദ്ധവർഷിക വരുമാനമാകുന്നില്ല. ഓരൊ മാസത്തെയും വരുമാനം പ്രത്യേകം കണ്ട് കണക്ക് കൂട്ടാത്തതിനാൽ ജീവനക്കാരന് ലഭ്യമാകുന്ന വാർഷിക ഇൻക്രിമെന്റ്, ഡി.എ. യിലുള്ള വർദ്ധനവ്, ആർജ്ജിത അവധി സറണ്ടർ എന്നിവ മൂലമുണ്ടാകുന്ന വരുമാനം തൊഴിൽ നികുതി കണക്കാക്കുന്ന വരുമാനത്തിൽ നിന്നും ഒഴിഞ്ഞുപോകുന്നു.

I(b) <u>തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്</u>

2013-14 ഒന്നാം അർദ്ധവർഷം താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്ന് തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു.

സ്ഥാപനം- റ്റി.ജി.എം വിദ്യാനികേതൻ, മറവൻതുരുത്ത്					
ക്രമ നം.	പേര്	അർദ്ധവാർഷിക വരുമാനം	അടച്ച നികുതി	ഈടാക്കേണ്ടിരുന്ന നികുതി	നികുതിയിലെ കുറവ്
1	ശ്രീദേവി എൻ.എസ്.	96216	600	750	150
2	ഷെല്ലി എം. ജോസഫ്	124032	750	1000	250

3	മായ പി.പി.	124032	750	1000	250
4	അനുപമ വി. ആർ	124032	750	1000	250
5	ജീന രാജൻ	124032	750	1000	250
6	വിധു	98700	600	750	150
7	സുജ സി.ജെ.	98700	600	750	150
8	ആര്യ വേണു	96216	600	750	150
9	ശ്രീ ചിത്ര	96216	600	750	150
10	നീതു എസ്.	96216	600	750	150
ആകെ			6600	8500	1900

സ്ഥാപനം-ഉജ്ജീവൻഫിനാൻഷ്യൽ സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ്, കുലശേഖരമംഗലം

ക്രമ നം.	പേര്	അർദ്ധവാർഷിക വരുമാനം	അടച്ച നികുതി	ഈടാക്കേണ്ടിരുന്ന നികുതി	നികുതിയിലെ കുറവ്
1	സനിത കെ. സാമുവേൽ	62172	575	600	25
2	അജിത രാജേഷ്	49630	425	450	25
3	ഷെൽമ വിശ്വബരൻ	12962	100	120	20
ആകെ			1100	1170	70

മേൽ ടേബിളുകൾ പ്രകാരം തൊഴിൽ നികുതി ഇനത്തിൽ കുറവായി ഈടാക്കിയ ആകെ (1900+70)= 1970/- (ആയിരത്തി തൊള്ളായിരത്തി എഴുപത് മാത്രം) ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നൊ ഉദ്യോഗസ്ഥരിൽ നിന്നൊ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

I(c) <u>തൊഴിൽ നികുതി -അടയ്ക്കാത്തതിനുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നില്ല</u>

കേരള പഞ്ചായത്ത് രാജ് നിയമം 205(എഫ്) വകുപ്പ് പ്രകാരം സ്ഥാപനമേധാവികൾ/വ്യക്തികൾ ഹാജരാക്കേണ്ട തൊഴിൽ നികുതി റിട്ടേൺ യഥാസമയം ഹാജരാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ സെക്രട്ടറി നിയമാനുസൃതമുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ഉദാ. ചുവടെ ചേർക്കുന്നു.

ക്രമ നം.	വ്യക്തികൾ/സ്ഥാപനം	കാലയളവ്
1	അസിസ്റ്റന്റ് എൻജിനിയർ, പി.ഡബ്ല്യൂ.ഡി റോഡ് സെക്ഷൻ, വൈക്കം	2013-14
2	സെക്രട്ടറി , സി.വി.എസ്.ഡി നം. k-573	

3	അസിസ്റ്റന്റ് ഡെപ്യൂട്ടി കമ്മീഷണർ, കൂട്ടുമ്മേൽ ദേവസ്വം ഇടവട്ടം	
4	T S നം. 39,40,41	
5	കെ.വി.സി.എസ് നം. K-85(D)	

തൊഴിൽ നികുതി ഈടാക്കേണ്ട മുഴുവൻ വിഭാഗങ്ങളിൽ നിന്നും നികുതി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന കാര്യം പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2-4 ഡി & ഒ ട്രേഡ് ലൈസൻസ് - അപാകതകൾ സംബന്ധിച്ച്

II(a)ഡി & ഒ ട്രേഡ് ലൈസൻസ് അപേക്ഷകളിൽ പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിൽ വീഴ്ച വരുത്തുന്നു

മറവൻതുരുത്ത് പഞ്ചായത്തിൽ ഓഡിറ്റ് കാലയളവിലെ ഡി & ഒ ട്രേഡ് ലൈസൻസ് അപേക്ഷകളും അനുബന്ധരേഖകളും പരിശോധിച്ചതിൽ 25 ശതമാനത്തോളം അപേക്ഷകളിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം/ സ്ഥാപനം എന്നിവ പരിശോധിച്ച് പരിശോധന റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. അതോടൊപ്പം തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ടുകളിൽ സ്ഥലം/ സ്ഥാപനം പരിശോധിച്ച തിയ്യതി, സ്ഥാപനത്തിലെ ജീവനക്കാരുടെ കൃത്യമായ എണ്ണം, ഉപയോഗിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം, യന്ത്രം സ്ഥാപിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ടോ? ലൈസൻസ് വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ? ഖര- ദ്രവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന രീതി തൃപ്തികരമാണോ? സ്ഥാപനത്തിനെതിരെ പരിസരവാസികൾക്ക് പരാതിയുണ്ടോ? മുതലായ പ്രധാനപ്പെട്ട കാര്യങ്ങൾ പരിശോധന റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

പഞ്ചായത്തിന്റെ വരുമാനമാർഗ്ഗം എന്നതിലുപരി പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതെ സുരക്ഷിതമായും ശുചിത്വത്തോടുകൂടിയും സ്ഥാപനങ്ങളുടെ പ്രവർത്തനം ഉറപ്പ് വരുത്തുന്നതിനായി സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന ഈ ലൈസൻസിന്റെ നടപടിക്രമങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നുവെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

II(b) <u>ഡി & ഒ ട്രേഡ് ലൈസൻസ് അപേക്ഷകരിൽ നിന്ന് സത്യപ്രസ്താവന സ്വീകരിച്ചിട്ടില്ല</u>

ജി. ഒ (ആർ. ടി) 795/2007/ ത.സ്വ.ഭ.വ തിയ്യതി 16.03.2007 പ്രകാരം ഡി & ഒ ട്രേഡ് ലൈസൻസ് അപേക്ഷകരിൽ നിന്ന് സ്ഥലത്തിന്റെ പേര് ബോർഡിൽ രേഖപ്പെടുത്തുന്നതാണെന്നും 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ ഉപയോഗിക്കുകയില്ല എന്നുമുള്ള അപേക്ഷകരുടെ ഒപ്പോടുകൂടിയ സത്യപ്രസ്താവന വാങ്ങി സൂക്ഷിച്ചിട്ടില്ല.

II(c) <u>ഡി & ഒ ട്രേഡ് ലൈസൻസ് രേഖകളിൽ കുറവ്</u>

2013-14വർഷത്തെ ഡി & ഒ ട്രേഡ് ലൈസൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം താഴെപ്പറയുന്ന അപേക്ഷകരുടെയും, അവരുടെ ലൈസൻസ് ഫീ വാങ്ങിയതിന്റെയും വിവരങ്ങൾ ചേർത്തിട്ടുണ്ടെങ്കിലും അപേക്ഷയോ, പരിശോധന റിപ്പോർട്ടോ, മറ്റ് അനുബന്ധ രേഖകളോ സൂക്ഷിച്ചിട്ടില്ല.

ക്രമ നം.	പേര്	ലൈസൻസിന്റെ ആവശ്യം
01	കെ.ആർ ശ്യാമള കുമാരി	സിപ്പ് അപ്പ്/ സംഭാരം നിർമ്മാണം
02	സഹദേവൻ എസ്. തറയിൽ	ബേക്കറി നടത്തുന്നതിന്
03	അനിൽ കുമാർ	പലചരക്ക് വ്യാപാരം
04	പി. ഗീത	പലചരക്ക് സാധനങ്ങൾ സ്റ്റോക്ക്
05	ചിത്രൻ കെ.സി.	പാൽ സംഭരണം, വിതരണം
06	സദാശിവൻ	പലചരക്ക് വ്യാപാരം
07	അനൂപ്	ടൂർ പാക്കേജ് ഓഫീസ്

08	വി. ജെ. രമേശൻ	സ്റ്റീൽ & ഗ്ലാസ് എന്നിവ സ്റ്റോക്കും വിൽപ്പനയും

മേൽ പ്രസ്താവിച്ച അപേക്ഷകരുടെ, ഹാജരാക്കാത്ത രേഖകൾ കണ്ടെത്തി വിവരം ഒഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-5 കടവ് വള്ളലേലം- കരാർ വ്യവസ്ഥകൾ പാലിയ്ക്കുന്നില്ല.

2014-15 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ അധീനതയിലുള്ള ചെമ്മനാകരി കടവിൽ വള്ളലേലം അനുവദിച്ചുനൽകിയത് ശ്രീ. മാനുവൽ.കെ കരിയിൽ പുത്തൻ വീട്, ആലപ്പുഴ എന്ന വ്യക്തിയ്ക്കായിരുന്നു. എന്നാൽ ലേലവുമായി ബന്ധപ്പെട്ട കരാർ നിബന്ധനകൾ ഒന്നും തന്നെ പാലിയ്ക്കാതെ യാണ് പ്രസ്തുത വ്യക്തി കടത്ത് നടത്തിക്കൊണ്ടിരുന്നതെന്ന് ലേലഫയൽ പരിശോധനയിൽ നിന്നും വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- കടത്തുകടവിൽ നിർബന്ധമായും രണ്ട് വള്ളവും അധികമായി ഒരു വള്ളവും ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ രണ്ട് വള്ളം ഉപയോഗിക്കുന്ന കാര്യമെ ഫയലിൽ സൂചിപ്പിച്ചിട്ടുള്ളൂ.
- വാടകയ്ക്കെടുത്ത വള്ളമാണെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രം ഉണ്ടായിരിക്കണമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ കടവിൽ ഉപയോഗിച്ചിരുന്ന രണ്ട് വള്ളങ്ങളിൽ ഒരെണ്ണം വാടകയ്ക്കെടുത്തതാണെങ്കിലും ഉടമസ്ഥന്റെ സമ്മതപത്രം ലഭ്യമാക്കിയിട്ടില്ല.

  ജലഗതാഗതവകുപ്പിലെ കനാൽ ഓഫീസർ ലഭ്യമാക്കുന്ന ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഫയലിൽ ഹാജരാക്കിയിരുന്നില്ല. കടവിൽ ഉപയോഗിച്ചിരുന്ന രണ്ട് വള്ളങ്ങളുടെയും വർഷങ്ങൾക്കുമുൻപുള്ള ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റായിരുന്നു ഫയലിൽ ലഭ്യമാക്കിയിരുന്നത്.
- ആയിരം രൂപയുടെ മുദ്രപത്രമായിരുന്നു ലഭ്യമാക്കിയിരുന്നതെങ്കിലും ആയത് കരാർ ചമയ്ക്കാതെ ശൂന്യമായിരുന്നു.

ലേലം അംഗീകരിച്ച തുക ഈടാക്കുന്നതിൽ മാത്രമായിരുന്നു പഞ്ചായത്ത് അധികൃതർ ശ്രദ്ധ ചെലുത്തിയിരുന്നത്. നിലവിലും കടവ് വള്ളലേലത്തിന്റെ കരാർ വ്യവസ്ഥകൾ പാലിയ്ക്കുാതെ ജനങ്ങളുടെ ജീവനുപോലും ഭീഷണിയായി കടത്ത് നടത്തുന്നത് ഗൗരവമായ അനാസ്ഥയായി ഓഡിറ്റ് വിലയിരുത്തുന്നു.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 നവീകരിച്ച ഗ്രാമ പഞ്ചായത്ത് ഓഫീസ് ഉദ്ഘാടനം -അധിക തുക ചെലവ് ചെയ്തത് സംബന്ധിച്ച്.

മറവൻതുരുത്ത് ഗ്രാമ പഞ്ചായത്തിന്റെ നവീകരിച്ച ഗ്രാമ പഞ്ചായത്ത് ഓഫീസ് ഉദ്ഘാടനവും രാജീവ്ഗാന്ധി സേവാകേന്ദ്രത്തിന്റെ ശിലാസ്ഥാപനവും എന്ന ചടങ്ങ് നടത്തിയതിന്റെ ചെലവിലേക്കായി താഴെപ്പറയും പ്രകാരം 28108/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ക്രമ നം	ബിൽ നം തീയതി	വൗച്ചർ നം തീയതി	ഇനം	തുക	ചെക്ക് നം/ തീയതി
1	728/13 – 01.10.13	21300757 11.10.13	ബൊക്കെ	405	13621/ 11.10.13
2	733/13 – 01.10.13	21300761 11.10.13	ശിലാഫലകം	2601	10500/ 11.10.13
3	734/13 – 01.10.13	21300762 11.10.13	മൈക്ക്,ഫാൻ, ജനറേറ്റർ	2720	13622/ 11.10.13
4	735/13 – 01.10.13	21300763 11.10.13	ഫ്ളക്സ്,ബാനർ	2720	13623/ 11.10.13
5	736/13 – 01.10.13	21300764 11.10.13	ശിലാഫലകം	2109	13624/ 11.10.13

6	737/13 – 01.10.13	21300765 11.10.13	ഓഫീസും പരിസരവും ക്ളീനിംഗ്	480	13625/ 11.10.13
7	738/13 – 01.10.13	21300766 11.10.13	ഓഫീസും പരിസരവും ക്ളീനിംഗ്	480	13626/ 11.10.13
8	739/13 – 01.10.13	21300767 11.10.13	ഓഫീസും പരിസരവും ക്ളീനിംഗ്	480	13627/ 11.10.13
9	740/13 – 01.10.13	21300768 11.10.13	ഓഫീസും പരിസരവും ക്ളീനിംഗ്	480	13628/ 11.10.13
10	741/13 – 01.10.13	21300769 11.10.13	നോട്ടീസ്, ബാഡ്ജ്	7000	13629/ 11.10.13
11	742/13 – 01.10.13	21300770 15.10.13	ആർച്ച്,കസേര, തോരണം	5250	13630/ 15.10.13
12	744/13 – 01.10.13	21300772 15.10.13	ലഘുഭക്ഷണം	3383	13632/ 15.10.13
			ആകെ	28108	

സ.ഉ.(സാധാ)നം.3866/2015/ത.സ്വ.ഭ.വ തീയതി 28.12.2015 പ്രകാരം ത.സ്വ.ഭ.സ്ഥാപനങ്ങളിൽ മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടന ചടങ്ങിന് പരമാവധി 25000/- രൂപയും അല്ലാതെയുള്ള ഉദ്ഘാടനങ്ങൾക്ക് പരമാവധി 10000/- രൂപയും തനത് ഫണ്ടിൽ നിന്നും കമ്മറ്റി തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിനാണ് അനുമതിയുള്ളത്. മന്ത്രിമാർ ആരും തന്നെ പങ്കെടുക്കാതിരുന്ന ഈ ചടങ്ങിനായി 28108/- രൂപ ചെലവഴിച്ചത് പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താത്പര്യങ്ങൾക്കെതിരാണ്. തനത് വരുമാനം വളരെ കുറവായ പഞ്ചായത്തിൽ ഭാവിയിൽ ഇത്തരം ചെലവുകൾ നിയന്ത്രണം ഏർപ്പെടുത്തുന്നത് ഉചിതമായിരിക്കും.

3-2 പത്രപ്പരസ്യം-അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കുന്നില്ല.

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റിന്റെ 22.01.2013-ലെ ജി.ഒ(പി)നം.1/13/I&PRD പ്രകാരം വിവിധ ഗവൺമെന്റ് വകുപ്പുകൾ മലയാള ദിനപ്പത്രങ്ങളിൽ ഇൻഫർമേഷൻ & പബ്ളിക്

റിലേഷൻസ് വകുപ്പ് മുഖേനയോ നേരിട്ടോ അച്ചടിക്കായി നല്കുന്ന പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിൽ 2013-14,2014-15 സാമ്പത്തിക വർഷങ്ങളിൽ നല്കിയ പരസ്യങ്ങൾക്ക് അർഹമായ ഡിസ്കൗണ്ട് നേടിയെടുത്തതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പത്രത്തിന്റെ പേര്	ബിൽ നം./ തീയതി	വൗച്ചർ നം/തീയതി	നല്കിയ തുക	ചെക്ക് നം./ തീയതി
1	മംഗളം ദിനപ്പത്രം	MDK132739 21.03.2013	21300060 08.04.13	3500/-	13332 08.04.13
2	മംഗളം ദിനപ്പത്രം	MDK133020 29.03.2013	21300060 08.04.13	3000/-	13332 08.04.13
3	മംഗളം ദിനപ്പത്രം	MDK137271 14.09.2013	21300752 10.10.13	6000/-	13617 10.10.13
4	മംഗളം ദിനപ്പത്രം	MDK137245 15.09.2013	21300752 10.10.13	6000/-	13617 10.10.13
5	മാതൃഭൂമി ദിനപ്പത്രം	60036744 21.02.2013	21300842 05.11.2013	5600/-	13680 05.11.2013
6	മംഗളം ദിനപ്പത്രം	MDK138199 23.10.2013	21300919 29.11.2013	6000/-	13700 29.11.2013
7	മംഗളം ദിനപ്പത്രം	MDK139411 06.12.2013	21301056 06.01.2014	6000/-	13733 06.01.2014
8	മംഗളം ദിനപ്പത്രം	MDK140856 06.12.2013	21301056 24.01.2014	8000/-	13836 24.02.2014

പഞ്ചായത്തിന് ലഭ്യമാകുന്ന അർഹമായ ആനുകൂല്യങ്ങൾ നേടിയെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3-3 ദർഘാസ് പരസ്യം സർക്കാർ നിർദ്ദേശിച്ചതിലും അധികം അളവിൽ നല്കി.

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റിന്റെ 01.01.2004-ലെ ജി.ഒ(പി)നം.1/04/I&PRD പ്രകാരം ദർഘാസ് പരസ്യങ്ങൾ വിൻഡോ രൂപത്തിൽ 2 കോളം X 3 സെ.മീ എന്ന വലിപ്പത്തിൽ നല്കാവുന്നതാണ്. എന്നാൽ 2013-14,2014-15 സാമ്പത്തിക വർഷങ്ങളിൽ പഞ്ചായത്ത് ദർഘാസ് പരസ്യങ്ങൾ നല്കിയിരിക്കുന്നത് ഇതിലും ഉയർന്ന അളവിലാണ്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ആവശ്യം	അളവ്	ചെലവ്	ചെക്ക് നം./ തീയതി	പത്രം
1	വിവിധ പദ്ധതികളുടെ ടെണ്ടർ പരസ്യം നല്കിയത്	8cmX5cm	7000/-	13331 08.04.13	ദി ഹിന്ദു
2	വിവിധ പദ്ധതികളുടെ ടെണ്ടർ പരസ്യം നല്കിയത്	8cmX5cm	3500/-	13332 08.04.13	മംഗളം
3	ഗവ.യു.പി.സ്കൂൾ കെട്ടിടം ലേലം ചെയ്യുന്നത്	8cmX8cm	6000/-	13617 10.10.2013	മംഗളം
4	വിവിധ പദ്ധതികളുടെ ടെണ്ടർ പരസ്യം നല്കിയത്	8cmX8cm	6000/-	13617 10.10.2013	മംഗളം
5	വിവിധ പദ്ധതികളുടെ ടെണ്ടർ പരസ്യം നല്കിയത്	8cmX5cm	5600/-	13680 05.11.2013	മാതൃഭൂമി
6	വിവിധ പദ്ധതികളുടെ ടെണ്ടർ പരസ്യം നല്കിയത്	8cmX5cm	5600/-	13680 05.11.2013	മാതൃഭൂമി
7	വിവിധ പദ്ധതികളുടെ ടെണ്ടർ പരസ്യം നല്കിയത്	8cmX7cm	6000/-	138199 21.10.2013	മംഗളം
8	വിവിധ പദ്ധതികളുടെ ടെണ്ടർ പരസ്യം നല്കിയത്	8cmX7cm	6000/-	13733 06.01.2014	മംഗളം
9	വിവിധ പദ്ധതികളുടെ ടെണ്ടർ പരസ്യം നല്കിയത്	8cmX8cm	8000/-	13836 24.02.2014	മംഗളം

മുൻ റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടും ഈയിനത്തിലുള്ള ചെലവിൽ മിതത്വം പാലിക്കാത്തത് ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

3-4 ചെമ്മനാകരി സാംസ്കാരികനിലയം- ഭൂമി പഞ്ചായത്തിന്റെഉടമസ്ഥതയിലാണെന്നതിന് രേഖകളില്ല.

ചെമ്മനാകരി പട്ടികജാതി കോളനിയ്ക്കുസമീപം സാംസ്കാരികനിലയം നിർമ്മിയ്ക്കുന്നതിന് മുപ്പത്തഞ്ച് ലക്ഷം അടങ്കലുള്ള ബഹുവർഷ പ്രോജക്ടായിരുന്നു തയ്യാറാക്കിയത്. 2013-14,2014-15 സാമ്പത്തികവർഷങ്ങളിൽ 21 ലക്ഷം രൂപ ചെലവഴിച്ച് (പദ്ധതി വിഹിതം എസ്സ്.സി.പി 16,00,000 ബ്ലോക്ക് വിഹിതം 5,00,000) കെട്ടിടനിർമ്മാണവും ചുറ്റുമതിൽ നിർമ്മാണവും വളരെ മികച്ച രീതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലവും ചുറ്റുപാടും ചേർത്ത് ഒരു ഏക്കർ സ്ഥലം പഞ്ചായത്ത് വർഷങ്ങൾക്കുമുൻപ് വാങ്ങിയതാണെന്നും ആയത് പഞ്ചായത്തിന്റെ അധീനതയിലാണെന്നും അധികൃതർ അവകാശപ്പെടുന്നുണ്ടെങ്കിലും കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലവും ചുറ്റുപാടും ആസ്തി രജിസ്റ്ററിൽ നാളിതുവരെ ചേർത്തു കാണുന്നില്ല. ഭൂമി പഞ്ചായത്തിന്റെ അധീനതയിലാണെന്ന് സൂചിപ്പിയ്ക്കുന്ന യാതൊരു രേഖകളും പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുമില്ല. ഉടമസ്ഥത വ്യക്തമല്ലാത്ത സ്ഥലത്ത് വൻതുക ചെലവഴിച്ച് കെട്ടിടനിർമ്മാണം നടത്തി പദ്ധതി പണത്തിന്റെ ചെലവ് പാഴാകാതിരിയ്ക്കാൻ അധികൃതർ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

3-5 ഘടക സ്ഥാപനങ്ങൾക്ക് കുടിവെള്ള കണക്ഷൻ-വാട്ടർ അതോറിറ്റിയിൽ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്

പ്രോജക്ട് നം- 34/15

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ -200000/-(MGNR-160866:തനത് ഫണ്ട്-39134)

ചെലവ്- 195000/-(160866(dd no-420354/18.3.15), 34134(dd no.420353/18.3.15))

18 ഘടകസ്ഥാപനങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിനായി തയ്യാറാക്കിയ പ്രോജക്ടിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള 195000 രൂപ വാട്ടർ അതോറിറ്റിക്ക് നൽകി. വാട്ടർ അതോറിറ്റി നൽകിയ വിനിയോഗസാക്ഷ്യപത്രപ്രകാരം പ്രോജക്ടിനായി 191948 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുണ്ട് . 3052 രൂപ വാട്ടർ അതോറിറ്റിയിൽ അവശേഷിക്കുന്നു. സ്ഥാപനവുമായി ഏർപ്പെട്ട കരാർ പ്രകാരം വേലയുടെ പൂർത്തീകരണതീയതി 30/5/2015 ആയിരുന്നു. നാളിതുവരെ തുക തിരികെ ഈടാക്കാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.
കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2112-1 പ്രകാരം ദീർഘികരണം ലഭ്യമാക്കാതെ

പൂർത്തീകരണ കാലാവധിയ്ക്ക് ശേഷം പൂർത്തീകരിച്ച പ്രവൃത്തികൾ അനധികൃതമാണ് എന്നത് മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

3-6 കലാകായിക സാംസ്കാരിക പരിശീലനം-രേഖകൾ ലഭ്യമാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം- 20/14

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ -25000/-(വികസനഫണ്ട്)

ചെലവ്- 14355(വൗച്ചർ 21300815/31.10.13)

കലാകായിക പ്രവർത്തനം നടത്തുന്ന ക്ലബുകൾക്ക് സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങി നൽകാൻ തയ്യാറാക്കിയ പ്രോജക്ടിൽ 14355 രൂപ പിൻവലിച്ചിട്ടുണ്ട് .ടി തുക മരിയ സൂപ്പർ ഷോപ്പി തലയോലപ്പറമ്പ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ഏതൊക്കെ ഉപകരണങ്ങളാണ് വാങ്ങിയത് ആർക്കൊക്കെയാണ് വിതരണം ചെയ്തത് എന്നതിന്റെ രേഖകൾ വൗച്ചറിനോടൊപ്പം ഇല്ല. ഇത് സംബന്ധിച്ചു നൽകിയ അന്വേഷണക്കുറിപ്പിന് (നം.9) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവഴിച്ച രൂപ തടസ്സപ്പെടുത്തുന്നു.

3-7 ഗുണഭോക്താവിന്റെ അർഹത ഉറപ്പാക്കാതെ പദ്ധതി ആനുകൂല്യം അനുവദിച്ചു.

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണങ്ങൾ - അർഹത ഉറപ്പാക്കാതെ ധനസഹായം അനുവദിച്ചു.

പ്രോജക്ട് നം. -8/2014-15

അടങ്കൽ- 100000/-

ചെലവ് -100000/-(ബിൽ നം. 7/14-15 തീ.21-3-15)

2014-15 വർഷം ഫിഷറീസ് ഇൻസ്പെക്ടർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠനസഹായം എന്ന പ്രോജക്ടിന്റെ ഭാഗമായി പഠനോപകരണങ്ങൾ വിതരണം ചെയ്ത വകയിൽ ഒരു കുട്ടിയ്ക്ക് 4,000/- രൂപ നിരക്കിൽ 25 പേർക്കായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽനിന്നും 100000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് പ്രകാരം മത്സ്യത്തൊഴിലാളികളുടെ മക്കളും സ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുന്നതുമായ കുട്ടികൾക്ക് സ്കൂളധികൃതരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം അനുവദിക്കേണ്ടത് എന്നിരിക്കെ 1-ാം വാർഡിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട മഹേശൻ, കണ്ടത്തിൽ എന്ന ഗുണഭോക്താവിന്റെ മകനായ ശ്രീജിത്ത് എന്ന കുട്ടി നിലവിൽ വിദ്യാർത്ഥിയാണെന്ന് തെളിയിക്കുന്നതിനുള്ള ബന്ധപ്പെട്ട അധികാരിയുടെ സാക്ഷ്യപത്രം ഹാജരാക്കിയിരുന്നില്ല. ഫയലിൽ സൂക്ഷിച്ചിട്ടുള്ള +2 കോഴ്സിന്റെ സർട്ടിഫിക്കറ്റ് അനുസരിച്ച് ടിയാൾ 2011-ൽ കോഴ്സ് പൂർത്തീകരിച്ചതുമാണ്. മാത്രമല്ല സർട്ടിഫിക്കറ്റിൽ "Not Eligible for Higher studies" എന്നും രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു. എന്നാൽ ടിയാളേയും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. അപാകത സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് നിർവ്വഹണോദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ ഈ കുട്ടിക്ക് മാനസികവൈകല്യം ഉണ്ടായതിനാൽ സ്കൂളിൽ ചേർന്നതിനുശേഷം പഠനം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലായെന്നും ആയതിനാലാണ് സ്കൂൾ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ സാധിക്കാതിരുന്നതെന്നും വ്യക്തമാക്കുകയുണ്ടായി. സ്കൂൾ സർട്ടിഫിക്കറ്റിന്റെയടിസ്ഥാനത്തിലാണ് പദ്ധതി ആനുകൂല്യത്തിനുള്ള അർഹത നിശ്ചയിക്കേണ്ടിയിരുന്നത് എന്നതിനാൽ നിർവ്വഹണോദ്യോഗസ്ഥന്റ വിശദീകരണം തൃപ്തികരമല്ല. ഭാവിയിൽ ഇപ്രകാരമുള്ള അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3-8 അങ്കണവാടികളുടെ ഭൗതീകസാഹചര്യങ്ങൾ തൃപ്തികരമല്ല.

ഗ്രാമപഞ്ചായത്തിന്റെ 15 വാർഡുകളിലായി ആകെ 21 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 12എണ്ണവും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രാദേശികപരിശോധനയിൽ സ്വന്തമായി കെട്ടിടമുള്ള 9 അങ്കണവാടികളിലും ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. ഫാനില്ലാത്തതിനാൽ വേനൽക്കാലത്ത് കൊച്ചുകുട്ടികൾക്ക് വളരെയധികം ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്നും അങ്കണവാടി ജീവനക്കാർ അറിയിച്ചു.

പഞ്ചായത്തിലെ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 12 അങ്കണവാടികൾക്കും വാടകയിനത്തിൽ പ്രതിമാസം 200/- രൂപ മാത്രമാണ് സാമൂഹ്യക്ഷേമവകുപ്പ് അനുവദിക്കുന്നതെന്നും ഏറ്റവും പരിമിതമായ സൗകര്യങ്ങളുള്ള കെട്ടിടങ്ങൾക്കുപോലും കുറഞ്ഞത് 500/-രൂപ യോളം നൽകേണ്ടി വരുന്നുവെന്നും വാടകയിനത്തിലുള്ള അധികച്ചെലവ് വർക്കർമാർതന്നെയാണ് വഹിക്കുന്നതെന്നും അങ്കണവാടി ജീവനക്കാർ പഞ്ചായത്ത് കമ്മിറ്റിയെ അറിയിച്ചു. ഈ സാഹചര്യത്തിൽ വാടക വർദ്ധിപ്പിച്ച് നൽകണമെന്ന ജീവനക്കാരുടെ അപേക്ഷ 31-8-13-ലെ പഞ്ചായത്ത്കമ്മിറ്റി ചർച്ച ചെയ്യുകയും എ.ഇ-യെക്കൊണ്ട് വാലുവേഷൻ എടുത്ത് കെട്ടിടത്തിന്റെ സുരക്ഷ ഉറപ്പാക്കിയശേഷം വാടക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിരുന്നു (തീരുമാനം.നം.VI(17)). എന്നാൽ ഈ വിഷയത്തിൻമേൽ നാളിതുവരെ തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

സ്വന്തമായി കെട്ടിടമുള്ള എല്ലാ അങ്കണവാടികളിലും ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കുവേണ്ടിയുള്ള പ്രോജക്ടുകൾ ആവിഷ്ക്കരിച്ചു നടപ്പാക്കേണ്ടതാണ്. കൂടാതെ തുച്ഛമായ വാടക നല്കുന്നതു കാരണം പരിമിതമായ സൗകര്യങ്ങളിൽ പ്രവർത്തിക്കേണ്ടിവരുന്ന അങ്കണവാടികൾക്ക് മെച്ചപ്പെട്ട ഭൗതീകസാഹചര്യത്തിൽ പ്രവർത്തിക്കാൻ സാധിക്കത്തക്കതരത്തിൽ വാടക വർദ്ധിപ്പിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

3-9 മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പുപദ്ധതി

തൊഴിലുറപ്പുപദ്ധതിയുമായി ബന്ധപ്പെട്ട് 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലും ലേബർ ഗ്രാമസഭ കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷം ആകെ വിഭാവനം ചെയ്തത് 493 പ്രോജക്ടുകളാണ്. അവയിൽ സാങ്കേതികാനുമതി ലഭിച്ച 490 പ്രോജക്ടുകളിൽ 473 എണ്ണം നടപ്പിലാക്കി. 2014-15 സാമ്പത്തിക വർഷം ആകെ വിഭാവനം ചെയ്തത് 405 പ്രോജക്ടുകളാണ്. അവയിൽ സാങ്കേതികാനുമതി ലഭിച്ച 392 പ്രോജക്ടുകളിൽ 392 എണ്ണവും നടപ്പിലാക്കി. പാടശേഖരങ്ങൾ ഏറെയുള്ളതിനാൽ വാച്ചാൽ നിർമ്മാണ പ്രവൃത്തികളാണ് കൂടുതലും ഏറ്റെടുത്ത് നടത്തിയിട്ടുള്ളത്. കൂടാതെ പുരയിടം കൃഷിയോഗ്യമാക്കൽ, തോട് ആഴം കൂട്ടൽ, തോടുകളിലെ പോളവാരി വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികളും നടപ്പാക്കിയിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷം ജില്ലയിൽ എം.ജി.എൻ.ആർ.ഇ.ജി.എസ്. ഫണ്ട് ഏറ്റവും കൂടുതൽ ചെലവഴിച്ചതിൽ രണ്ടാം സ്ഥാനം മറവൻതുരുത്ത് പഞ്ചായത്തിനാണ്. എന്നാൽ തൊഴിലുറപ്പ്

പദ്ധതിയിൽ നൽകുന്ന സേവനങ്ങളെക്കുറിച്ചും, അതിന്റെ നിബന്ധനകൾ, പരാതി പരിഹാരം എന്നിവയെ സംബന്ധിച്ചുമുള്ള മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ ബോർഡ് പഞ്ചായത്തിൽ പ്രദർശിപ്പിച്ചു കാണുന്നില്ല.

2013-14--വരവ് ചെലവ് കണക്കുകൾ

മുന്നിരിപ്പ്	66448
വരവ്	17297020
പലിശ വരവ്	17258
ആകെ	17380726
ചെലവ്	17379135
നീക്കിയിരിപ്പ്	1531 (ടി തുക തിരികെ ഒടുക്കി)

2014-15--വരവ് ചെലവ് കണക്കുകൾ

മുന്നിരിപ്പ്	ഇല്ല
വരവ്	21966200
പലിശ വരവ്	9101
ആകെ	21975301
ചെലവ്	21956301
നീക്കിയിരിപ്പ്	19000 (ടി തുക തിരികെ ഒടുക്കി)

3-10 മത്സ്യത്തൊഴിലാളികൾക്ക് വല നൽകൽ- പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ

മത്സ്യത്തൊഴിലാളികൾക്ക് വല നൽകൽ-പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ

പ്രോജക്ട് നമ്പർ - so 63/13-14

അടങ്കൽ -200000/-

ചെലവ്- 200000/-

എ)ആനുകൂല്യം കൈപ്പറ്റിയവർ പ്രോജക്ടിന്റെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

2013-14 വർഷം ഫിഷറീസ് ഇൻസ്പെക്ടർ നിർവ്വഹണോദ്യോഗസ്ഥനായിരുന്ന മത്സ്യത്തൊഴിലാളികൾക്ക് വല നൽകൽ എന്ന പ്രോജക്ടിന്റെ ഭാഗമായി വികസനഫണ്ടിൽനിന്നും രണ്ട് ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. (ഡി.ഡി. നമ്പർ-875820/12.4.14) പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഗ്രാമസഭകളിൽ തെരഞ്ഞെടുക്കപ്പെട്ട് പഞ്ചായത്തിന്റെ അന്തിമഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ഗുണഭോക്താക്കൾക്കല്ല ധനസഹായം നൽകിയിരിക്കുന്നത് എന്ന് കണ്ടു. അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (നം. 4/18.2.16) നിർവ്വഹണോദ്യോഗസ്ഥനായ ഫിഷറീസ് ഇൻസ്പെക്ടർ ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമസഭകളിൽ പങ്കെടുത്ത് അപേക്ഷ സമർപ്പിച്ചിരുന്നത് സ്ത്രീകളായിരുന്നുവെന്നും അതിന്റെയടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് ലിസ്റ്റ് 16.8.13-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ ഒന്നാം നമ്പർ അജണ്ടയിൽ ഉൾപ്പെട്ടതുമാണെന്ന് നിർവ്വഹണോദ്യോഗസ്ഥർ അറിയിച്ചു. ഇതിന്റെയടിസ്ഥാനത്തിലുള്ള ഗുണഭോക്തൃലിസ്റ്റിലും ഇവരുടെ പേരാണ് അച്ചടിച്ചു വന്നതെന്നും ഗുണഭോക്തൃലിസ്റ്റ് ലഭിച്ചപ്പോൾ അപാകത ബോധ്യപ്പെട്ടതിനാൽ പദ്ധതി ആനുകൂല്യം കൈപ്പറ്റിയത് അപേക്ഷകരായ സ്ത്രീകളുടെ ഭർത്താക്കൻമാർതന്നെയാണ് ഉറപ്പുവരുത്തിയിരുന്നുവെന്നും വ്യക്തമാക്കുകയുണ്ടായി. എന്നിരുന്നാലും ഗുണഭോക്തൃ ലിസ്റ്റിലില്ലാത്ത വ്യക്തികളുടെ പേരിൽ ധനസഹായം അനുവദിച്ച നടപടിക്ക് 2016 ഫെബ്രുവരി 25, 26 തീയതികളിൽ നടക്കുന്ന ഗ്രാമസഭകളുടെ അംഗീകാരം വാങ്ങുന്നതാണെന്നും നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

ആയതിനാൽ പദ്ധതിനിർവ്വഹണത്തിലെ ഗുണഭോക്തൃവിഷയവുമായി ബന്ധപ്പെട്ട മേൽ അപാകതയിൻമേൽ ഗ്രാമസഭയുടെ സാധൂകരണം വാങ്ങി ഓഡിറ്റിൽ അറിയിക്കേണ്ടതും ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

ബി) രണ്ട് ഗുണഭോക്താക്കൾ നാളിതുവരെ വല വാങ്ങിയിട്ടില്ല

ഒരു ഗുണഭോക്താവിന് 2000/-രൂപ നിരക്കിൽ 100പേർക്കായി ആകെ 200000/-രൂപ ഡി.ഡി. നമ്പർ 875820/12-4-14 പ്രകാരം എറണാകുളം മത്സ്യഫെഡ് നെറ്റ് ഫാക്റ്ററി മാനേജർക്ക് കൈമാറിയിട്ടുണ്ടെങ്കിലും ചുവടെ ചേർക്കുന്ന രണ്ട് ഗുണഭോക്താക്കൾ നാളിതുവരെ വല വാങ്ങിയിട്ടില്ല. 1) അശോകൻ, വെട്ടിത്തറ, കെ.എസ്.മംഗലം, 2) ശോഭനൻ, കരിയിൽ, കെ.എസ്.മംഗലം. ആയതിനാൽ രണ്ട് പേർക്കുള്ള

ധനസഹായമായ 4000/-രൂപ സ്ഥാപനത്തിന് അധികമായി നൽകിയിട്ടുണ്ട്. അപാകത ശ്രദ്ധയിൽപ്പെടുത്തിയതിനെതുടർന്ന് സ്ഥാപനത്തിൽനിന്നും വല വാങ്ങുന്നതിന് ടി ഗുണഭോക്താക്കൾക്ക് നിർദ്ദശം നൽകിയിട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. വല ലഭ്യമാകാത്തപക്ഷം സ്ഥാപനത്തിൽ നിന്നും 4,000/- രൂപ തിരികെ വാങ്ങേണ്ടതും വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

3-11 വിഷയാധിഷ്ഠിത അവലോകനം-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കായുള്ള പ്രോജക്ടുകൾ

ആമുഖം

ഗ്രാമീണ ജനതയോട് പ്രത്യേകിച്ചും, സമൂഹത്തിലെ ദുർബല വിഭാഗക്കാരായ ജനങ്ങളോട് അടുത്തിടപഴകാവുന്ന ഭരണസംവിധാനമാണ് അധികാരവികേന്ദ്രീകരണത്തിന്റെ ഫലമായി ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമായത്. ജനകീയാസൂത്രണത്തിന്റെ ആദ്യവർഷത്തിൽത്തന്നെ സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളും അനുബന്ധ പ്രവർത്തനങ്ങളും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കു കൈമാറിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ശാരീരികവും മാനസികവുമായ വിഷമതകളാൽ സാമൂഹികമായും സാംസ്കാരികമായും പാർശ്വവൽക്കരിയ്ക്കപ്പെടുന്ന ജനങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് നയിക്കുവാൻ വളരെ പ്രയോജനപ്രദമായ രീതിയിലാണ് പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയും തയ്യാറാക്കിയിരിക്കുന്നത്. ജനകീയാസൂത്രണ പദ്ധതി പ്രവർത്തനങ്ങൾ രണ്ട് പതിറ്റാണ്ടുകൾ പിന്നിട്ട സാഹചര്യത്തിൽ പ്രസ്തുതവിഭാഗക്കാർക്കായി തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ നടപ്പിലാക്കിയ പ്രോജക്ടുകൾ എത്രത്തോളം ഫലവത്തായി എന്ന് വിലയിരുത്തേണ്ടത് ആവശ്യമാണ്. ആയതിനാൽ പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ആദ്യ മൂന്ന് വർഷങ്ങളിൽ മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പ്രോജക്ടുകളാണ് ഈ അവലോകനത്തിന് ആധാരമാക്കിയിട്ടുള്ളത്.

ഓഡിറ്റിന്റെ ലക്ഷ്യങ്ങൾ

- തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഭിന്നശേഷിയുള്ളവരുടെ സ്ഥിതിവിവരക്കണക്കുകൾ സൂക്ഷിയ്ക്കുന്നുണ്ടോ എന്ന് പരിശോധിയ്ക്കുക.

- പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിൽ സൂചിപ്പിയ്ക്കും പ്രകാരമാണോ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കിയതെന്ന് അവലോകനം ചെയ്യുക.
- പഞ്ചായത്തിലെ ഭിന്നശേഷിയുള്ളവരുടെ പുരോഗതിയ്ക്ക് പ്രസ്തുത പ്രോജക്ടുകൾ എത്രത്തോളം പ്രയോജനപ്രദമായി എന്ന് വിലയിരുത്തുക.

ഓഡിറ്റിന്റെ കണ്ടെത്തലുകൾ

എ.ഭിന്നശേഷിയുള്ളവരുടെ സ്ഥിതിവിവരക്കണക്കുകൾ

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ആദ്യഘട്ടങ്ങളിൽ പദ്ധതിരൂപീകരണത്തിന്റെ പ്രാരംഭദശയിൽ ഈ ജനവിഭാഗത്തിന്റെ സമഗ്രമായ വിവരശേഖരണം ആവശ്യമായിരുന്നു. എന്നാൽ ഇവരുടെ യഥാർത്ഥ അംഗസംഖ്യ (സ്ത്രീകൾ/ പുരുഷൻമാർ) വൈകല്യത്തിന്റെ തോത് എന്നീ വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല. നടപ്പുസാമ്പത്തികവർഷമാണ് ഇത്തരത്തിലൊരു ശ്രമമെങ്കിലും ആരംഭിച്ചിട്ടുള്ളത്. വിവരശേഖരണം കഴിഞ്ഞുവെങ്കിലും അവ ക്രോഡീകരിച്ച് ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷിയുള്ള ജനവിഭാഗങ്ങളെ സംബന്ധിച്ച വിവരങ്ങളടങ്ങിയ പട്ടിക പ്രസിദ്ധീകരിയ്ക്കുന്ന നടപടി പുരോഗമിയ്ക്കുന്നതേയുള്ളൂ.ആയതിനാൽ പ്രസ്തുതവിഭാഗക്കാരുടെ എണ്ണത്തിനും ആവശ്യങ്ങൾക്കും ആനുപാതികമായ പ്രോജക്ടുകളാണ് വിഭാവനം ചെയ്ത് നടപ്പാക്കിയതെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല.

നിലവിൽ പഞ്ചായത്തിൽ സൂക്ഷിച്ചിരിയ്ക്കുന്ന ഭിന്നശേഷിയുള്ളവരുടെ സ്ഥിതിവിവരക്കണക്കുകൾ

2013-14					
പ്രായം	0-6	7--4	15-45	Above 45	total
ആൺ/ പെൺ	F M	F M	F M	F M	F M
എണ്ണം	4 2	6 13	32 65	52 65	94 145

2014-15					
പ്രായം	0-6	7-4	15-45	Above 45	total
ആൺ/ പെൺ	F M	F M	F M	F M	F M

എണ്ണം	8 9	4 8	33 56	48 63	93 136
2015-16					
പ്രായം	0-6	7-14	15-45	Above 45	total
ആൺ/ പെൺ	F M	F M	F M	F M	F M
എണ്ണം	8 9	4 9	33 56	48 63	93 136

ബി.പന്ത്രണ്ടാം പദ്ധതിമാർഗ്ഗരേഖയും ഭിന്നശേഷിയുള്ളവർക്കായുള്ള പ്രോജക്ടുകളും

14.08.09 ലെ സർക്കുലർ നമ്പർ 39286/സി.എ/3/09 ത.സ്വ.ഭ.വ യിൽ നിഷ്കർഷിയ്ക്കും പ്രകാരം ശാരീരികമാനസികവെല്ലുവിളി നേരിടുന്നവരുടെ പ്രശ്നങ്ങളും അവ പരിഹരിയ്ക്കുന്നതിന് വാർഷികപദ്ധതിയിൽ എറ്റെടുക്കാവുന്ന പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ചചെയ്യുന്നതിനും ഗ്രാമപഞ്ചായത്തുകൾ വർഷത്തിൽ ഒരിയ്ക്കൽ വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട ആസൂത്രണ ഗ്രാമസഭകൾ ചേരുന്നതിന് മുമ്പ് പൊതുസഭകൾ വിളിച്ചുകൂട്ടണം എന്ന നിർദ്ദേശം പാലിച്ചിട്ടില്ല. പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി രൂപീകരണത്തിന് മുമ്പായും പദ്ധതികാലയളവിലും പ്രസ്തുതമേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ കൂടിയിട്ടില്ല എന്ന് മിനിട്സ് പരിശോധനയിൽ നിന്നും വ്യക്തമായിട്ടുണ്ട്. കൂടാതെ മാർഗ്ഗരേഖയിൽ സൂചിപ്പിയ്ക്കും പ്രകാരം ഈ മേഖലയിലെ നിലവിലെ അവസ്ഥ,അവയുടെ കാരണങ്ങൾ എന്നിവ കണക്കാക്കി സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. എന്നാൽ വാർഷികപദ്ധതി രൂപീകരണത്തിന് മുൻപായി വികലാംഗഗ്രാമസഭകൾ കൂടുന്നുണ്ട്. അവയുടെ ഹാജർവിവരവും മിനിട്ട്സും രേഖപ്പെടുത്തി സൂക്ഷിയ്ക്കുന്നുണ്ട്. ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം, മുച്ചക്രവാഹനം നൽകൽ, സ്വയം തൊഴിൽ സംരഭം,ചലന ശ്രവണസഹായികൾ, ബഡ്സ്കൂൾ സ്ഥാപിയ്ക്കൽ, മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പോഷകാഹാരം, വികലാംഗരായ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിന് എസ്സ്.എസ്സ്.എ വഴി അധ്യാപകരെ നിയമിയ്ക്കുക, ഭിന്നശേഷിയുള്ളവർക്കായുള്ള മെഡിക്കൽ ചെക്കപ്പും മരുന്നു വിതരണവും നടത്തുക, ശാരീരികമാനസികവെല്ലുവിളി നേരിടുന്ന എല്ലാവർക്കും പെൻഷൻ അനുവദിയ്ക്കുക തുടങ്ങിയ ആവശ്യങ്ങളാണ് പദ്ധതി പ്രകാരം വിഭാവനം ചെയ്തത്. എന്നാൽ ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും യാത്രാബത്തയും എന്ന പ്രോജക്ട് മാത്രമാണ് മൂന്ന വർഷവും നടപ്പാക്കിയത്. പദ്ധതി പ്രകാരം വിഭാവനം ചെയ്ത ഒറ്റ പ്രോജക്ടുപോലും വാർഷികപദ്ധതിയുടെ ഭാഗമായില്ലെന്ന വസ്തുത നിർഭാഗ്യമാണ്.

സി.അവലോകന വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് ഭിന്നശേഷിയുള്ളവർക്കായി നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2012-13

എസ്. 35/13 ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്			ഗുണഭോക്താക്കളുടെ എണ്ണം	വകയിരുത്തിയതുകയുടെ ശതമാനം
ഫണ്ടിനം	വകയിരുത്തിയതക	ചെലവഴിച്ച തുക	43	1.9
ധനകാര്യ കമ്മീഷൻ ഗ്രാന്റ്	250000	250000		

2013-14

എസ്.14/14 ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള യാത്രാബത്ത			ഗുണഭോക്താക്കളുടെ എണ്ണം	വകയിരുത്തിയതുകയുടെ ശതമാനം
ഫണ്ടിനം	വകയിരുത്തിയതക	ചെലവഴിച്ച തുക	45	3.0
ധനകാര്യ കമ്മീഷൻ ഗ്രാന്റ്	300,000	300,000		

2014-15

എസ്. 28/15 ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും യാത്രാബത്തയും	ഗുണഭോക്താക്കളുടെ എണ്ണം	വകയിരുത്തിയതുകയുടെ ശതമാനം

ഫണ്ടിനം	വകയിരുത്തിയതക	ചെലവഴിച്ച തുക		
ധനകാര്യ കമ്മീഷൻ ഗ്രാന്റ്	300000	300000	61	2.1
തനതു ഫണ്ട്	50000	50000		

മെഡിക്കൽ സാക്ഷ്യപത്രം, സ്കൂൾ സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ഗ്രാമസഭയും ഭരണസമിതിയും അംഗീകരിച്ച പട്ടികയിലുള്ള കുട്ടികൾക്കാണ് സ്കോളർഷിപ്പും യാത്രാബത്തയും വിതരണം ചെയ്തിരിയ്ക്കുന്നത്. ഈ വിഭാഗക്കാരുടെ സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കുകയോ വൈകല്യത്തിന്റെ തോതനുസരിച്ച് തരംതിരിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ പഞ്ചായത്തിലെ മുഴുവൻ കുട്ടികൾക്കും പ്രസ്തുത പ്രോജക്ടിന്റെ ആനുകൂല്യങ്ങൾ ലഭ്യമായിട്ടുണ്ടോ എന്ന വസ്തുതയും വ്യക്തമല്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ മേൽസൂചിത പ്രോജക്ട് പോലും സർക്കാർ വിഭാവനം ചെയ്ത രീതിയിൽ ശാരീരിക മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾകളുടെ സമഗ്രവികസനത്തിന് ഉതകും വിധം പ്രയോജനപ്രദമായിരുന്നില്ല. പദ്ധതിനിർവ്വഹണത്തിലെ നിർബന്ധിത വകയിരുത്തലിന്റെ ശതമാനം നിലനിറുത്തുന്നതിൽപ്പോലും പഞ്ചായത്ത് അധികൃതർ പരാജയപ്പെട്ടിരിയ്ക്കുന്നു.

ഓഡിറ്റ് നിഗമനങ്ങൾ

- ഭിന്നശേഷിയുള്ളവരുടെ സ്ഥിതിവിവരക്കണക്കുകൾ പഞ്ചായത്തിൽ സൂക്ഷിയ്ക്കാത്തതിനാൽ പ്രസ്തുതവിഭാഗക്കാരുടെ എണ്ണത്തിനും ആവശ്യങ്ങൾക്കും ആനുപാതികമായ പ്രോജക്ടുകളാണ് വിഭാവനം ചെയ്ത് നടപ്പാക്കിയതെന്ന് വ്യക്തമല്ല.
- വർക്കിംഗ് ഗ്രൂപ്പുകൾ കൂടുന്നതിനോ സ്ററാറ്റസ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടില്ല
- ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും യാത്രാബത്തയും എന്ന പ്രോജക്ടൊഴികെ വികസനരേഖപ്രകാരം വിഭാവനം ചെയ്ത ഒരു പ്രോജക്ടുപോലും അവലോകന

കാലയളവിൽ നടപ്പാക്കിയിട്ടില്ല.

- വികസന ഫണ്ടിന്റെ അഞ്ച് ശതമാനമെങ്കിലും പ്രസ്തുതവിഭാഗക്കാർക്കായി ചെലവഴിയ്ക്കണമെന്ന നിബന്ധനയും പാലിച്ചിട്ടില്ല.

ഓഡിറ്റ് ശുപാർശകൾ

- ഭിന്നശേഷിയുള്ളവരുടെ സമഗ്രമായ വിവരശേഖരണം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടത്തേണ്ടത് അനിവാര്യമാണ്.
- പ്രസ്തുത വിഭാഗക്കാർക്കായി വികസനഫണ്ടിന്റെ 5% നീക്കി വയ്ക്കേണ്ടതും വാർഷികപദ്ധതി പ്രകാരം വിഭാവനം ചെയ്ത എല്ലാ പ്രോജക്ടുകളും തുടർ സാമ്പത്തികവർഷങ്ങളിൽ നടപ്പാക്കേണ്ടതുമാണ്.
- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് കുടുംബശ്രീയുടെ സഹായത്തോടെ ബഡ്സ്കൂളുകൾ എന്ന പേരിൽ സ്പെഷ്യൽ സ്കൂളുകൾ സ്ഥാപിയ്ക്കാവുന്ന സർക്കാർ നിർദ്ദേശം പ്രയോജനപ്പെടുത്തേണ്ടതാണ്.
- പദ്ധതി നിർവ്വഹണത്തിന്റെ മോണിട്ടറിങ്ങ് ഫലപ്രദമാക്കേണ്ടതാണ്.

പദ്ധതി ആസൂത്രണപ്രക്രിയയിൽ ഭിന്നശേഷിയുള്ളവരുടെ പങ്കാളിത്തം ഉറപ്പുവരുത്തി അവരുടെ ആവശ്യങ്ങൾ മുന്നിൽക്കണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുപകരം ഭരണസമിതിയും നിർവ്വഹണഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള ജീവനക്കാരും ഏകപക്ഷീയമായി ചില പ്രോജക്ടുകൾ ആവിഷ്കരിച്ച് ഇവരുടെ മേൽ അടിച്ചേൽപ്പിയ്ക്കുന്ന നിലവിലുള്ളരീതി അധികാരവികേന്ദ്രീകരണത്തിന്റെ അന്തസത്ത പോലും ഇല്ലാതാക്കുന്നതാണ്. ആയതിനാൽ ഭിന്നശേഷിയുള്ളവർക്കുവേണ്ടിയുള്ള പ്രോജക്ടുകൾ ആവിഷ്കരിയ്ക്കുന്നതിലും അവ പദ്ധതിമാർഗ്ഗരേഖകൾക്കനുസൃതമായി നടപ്പിലാക്കുന്നതിനും മുൻവർഷങ്ങളിൽ സംഭവിച്ച അപാകതകളും പാളിച്ചകളും നികത്തി പ്രസ്തുത വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് നയിക്കുന്നതിനുള്ള ആത്മാർത്ഥമായ ശ്രമം അധികൃതരിൽ നിന്നും ഉണ്ടാകേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2013-14.

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2013-14	100000	17/13-14 ആശ്വാസകിരണം -പാലിയേറ്റീവ് കെയർ	64901	35099
		1000000	95/13-14 ചെമ്മനാകരി സാംസ്കാരികനിലയം	0	1000000
		150000	98/13-14 വാടച്ചിറ ചുണ്ടങ്ങാത്തറ ഫില്ലിംഗ്	0	150000
		300000	99/13-14 ശാരദാമഠം മുതൽ അക്കരപ്പാടം വരെ ഫില്ലിംഗ്	300000	0

		400000	101/13-14 വാഴേക്കാട് മുതൽ വല്ലയിൽ വരെ റോഡ് ഫില്ലിംഗ്	400000	0
		50000	110/13-14 തറവട്ടം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	0	50000
2014-15					
ബ്ലോക്ക് പഞ്ചായത്ത്	2014-15	50000	പാലിയേറ്റീവ് കെയർ	50000	
		50000	സ്കോളർഷിപ്പ്	50000	
		100000	കാലിത്തീറ്റ സബ്സിഡി	100000	

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ ഏജൻസിയുടെ പേര്	പ്രോജക്ട്	ചെലവഴിച്ച തുക	വൗച്ചർ നം.
2013-14			
വൈക്കം ബ്ലോക്ക്	എൈ.എ.വൈ. പഞ്ചായത്ത് അധിക ധനസഹായം	280000	21301130/23.01.14

പഞ്ചായത്ത്		1000000	21300626/23.08.13
"	എൈ.എ.വൈ.ഭവനനിർമ്മാണം	4970000	21301424/25.03.14
പ്രോജക്ട് ഓഫീസർ എസ്.എസ്.എ	എസ്.എസ്.എ.വിഹിതം	733212	21300625/23.08.13
2014-15			
വൈക്കം ബ്ലോക്ക് പഞ്ചായത്ത്	എൈ.എ.വൈ. സംസ്ഥാന വിഹിതം	4000000	21401061/26.03.15
"	എൈ.എ.വൈ. പഞ്ചായത്ത് അധികധനസഹായം	845000 1000000	21400341/20.08.14
"	എൈ.എ.വൈ. പഞ്ചായത്ത് അധിക ധനസഹായം	2390000 1000	21400342/20.08.14 21400344/20.08.14
പ്രോജക്ട് ഓഫീസർ, എസ്.എസ്.എ.	എസ്.എസ്.എ.പഞ്ചായത്ത് വിഹിതം	200000	21400345/20.08.14
വാട്ടർ അതോറിറ്റി	ഘടക സ്ഥാപനങ്ങൾക്ക് കുടിവെള്ള കണക്ഷൻ	160866	ഡി.ഡി.നം.420354/18.03.15
		34134	ഡി.ഡി.നം.420353/18.03.15

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് -- ഇല്ല.

4-4 വായ്പ/ വായ്പ തിരിച്ചടവ്--ഇല്ല.

4-5 സ്ഥിരനിക്ഷേപങ്ങൾ--ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

2013-14

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നമ്പർ തിയ്യതി
2011-12	2-5	3000	ശ്രീ.വിനോദ് ബാബു പി.വി ഹെഡ് ക്ലർക്ക്	11301101738/11.03.14

2014-15

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നമ്പർ തിയ്യതി
2012-13	3-6	3165	ശ്രീ.ശിവദാസൻ ഫിഷറീസ് ഇൻസ്പെക്ടർ	11401103101/10.02.15

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഓഡിറ്റ് വർഷം	ഖണ്ഡിക നം	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് നം.
1998-99	ഖ.17 എ & ബി (1-4)	2003-04

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

2013-14

ഓഡിറ്റ് വർഷത്തെ ആകെ വരവ്	53504596
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	53842160
വരവിനങ്ങളിലുള്ള നഷ്ടം	197014
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	-

2014-15

ഓഡിറ്റ് വർഷത്തെ ആകെ വരവ്	54134545
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	49466722
വരവിനങ്ങളിലുള്ള നഷ്ടം	-
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	14355

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം- ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-6	14355	ശ്രീ.വിജയൻ നായർ സി.ഇ, സെക്രട്ടറി

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം- ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ - ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ - ഇല്ല

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
99-2000 2000-01, 2001-02(പ്ലാൻ)	എൽ.എഫ്.കെ.പി.6/1109/11/19.06.12	-	
2002-03(ചെലവ്)	എൽ.എഫ്.കെ.പി5/103/05/28.02.07		

2003-04(ചെലവ്)	എൽ.എഫ്.കെ.പി 7/302/06/26.05.07		
2004-05 വരവ് ചെലവ്	എൽ.എഫ്.കെ.പി 7/911/07/12.5.08		
2005-06	എൽ.എഫ്.കെ.പി.6/1109/11/22.06.12	14	
2006-07	എൽ.എഫ്.കെ.പി.6/1467/13/07.12.13	8	
2007-08	എൽ.എഫ്.കെ.പി.6/1468/13/24.03.14	27	
2008-09	എൽ.എഫ്.കെ.പി.6/1469/13/03.01.14	20	
2009-10	എൽ.എഫ്.കെ.പി6/1470/13/12.12.13	20	
2010-11	എൽ.എഫ്.കെ.പി6/1471/13/06.01.14	14	
2011-12	എൽ.എഫ്.കെ.പി6/1676/13/26.03.14	27	
2012-13	എൽ.എഫ്.കെ.പി6/988/14/10.06.15/07.07.15	22	

ഡെപ്യൂട്ടി ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2013-14 ലെ വാർഷിക ധനകാര്യപത്രിക ഞാൻ പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 1-3 ൽ വിശദീകരിയ്ക്കുന്ന അപാകതകൾ ഒഴിച്ചാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യപത്രിക മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2013-14 വർഷത്തെ വരവു-ചെലവുകണക്കുളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു.ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും 2011 കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഒാഡിറ്റ് വകുപ്പ്,
ജില്ലാഒാഡിറ്റ് കാര്യാലയം, കോട്ടയം

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഒാഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഒാഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഒാഡിറ്റർ ജനറൽ നിർദേശിച്ച ഒാഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2014-15 ലെ വാർഷിക ധനകാര്യപത്രിക ഞാൻ പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 1-3 ൽ വിശദീകരിയ്ക്കുന്ന അപാകതകൾ ഒഴിച്ചാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യപത്രിക മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2014-15 വർഷങ്ങളിലെ വരവു-ചെലവുകണക്കുളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു.ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും 2011 കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ